കേരളകോ-ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഓ, ആലപ്പുഴ - 688 531
ടെലിഫോൺ: 0478-2831144, 2831101, 2831145, Email: cfp@milma.com, Website: www.milma.com

**CFPT/P&A/207/2023** **09.06.2023**

## ക്യാന്റീൻ- ക്വട്ടേഷൻ നോട്ടീസ്

250 ഓളം ജീവനക്കാരുള്ള പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ ക്യാന്റീൻ 01.07.2023 മുതൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിനായി പരിചയ സമ്പന്നരായ ക്യാന്റീൻ കോൺട്രാക്ടർമാർ, ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് സർവീസ് മുതലായവ നടത്തി പരിചയമുള്ള കരാറുകാരിൽ നിന്ന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ഫോറവും നിബന്ധനകളും 19.06.2023, 03.00 PM വരെ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

നിരതദ്രവ്യമായ 2000/- രൂപ ഡിഡി/എൻ.ഇ.എഫ്.റ്റി/ ആർ.ടി.ജി.എസ്/കാഷ് മുഖേന അടക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിരതദ്രവ്യം അടച്ചതിന്റെ രസീത് സഹിതം ഫാക്ടറിയിൽ സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഓൺലൈനായി നിരതദ്രവ്യം അടക്കുന്നവർ ആയതിന്റെ വിശദവിവരങ്ങൾ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

ബാങ്ക് : **KCMMF LTD Cattle Feed Plant, Pattanakkad
Current Account No. 57042309686, State Bank of India,
PattanakkadBranch, IFSC – SBIN0070267**

പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 19.06.2023, 3.00 PM
ക്വട്ടേഷൻ തുറക്കുന്നത് : 19.06.2023, 3.30 PM

മറ്റു വിശദാംശങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
ഫോൺ:0478-2831122, 2831144, 9846515158

മാനേജർ (i/c)

**Copy to:**

നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, പട്ടണക്കാട്
നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, തുറവൂർ
നോട്ടീസ് ബോർഡ്, സെൻട്രൽ പ്രോഡക്ട് ഡയറി, പുന്നപ്ര
നോട്ടീസ് ബോർഡ്, കുടുംബശ്രീ ഓഫീസ്, പട്ടണക്കാട്
നോട്ടീസ് ബോർഡ്, കുടുംബശ്രീ ഓഫീസ്, തുറവൂർ
നോട്ടീസ് ബോർഡ്, ജില്ലാമിഷൻ ഓഫീസ് കുടുംബശ്രീ, ആലപ്പുഴ കളക്ട്രേറ്റ്
HOD( A/C)

## കേരള കോ - ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് - 688 531

**പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി വക ക്യാന്റീൻ** 2023 ജൂലൈ മാസം 01-ാം **തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നിബന്ധനകൾ**

1) ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി 2 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി 25,000/- (ഇരുപത്തിഅയ്യായിരം) രൂപ നിരതദ്രവ്യത്തിനുപുറമെ കമ്പനി ഓഫീസിലടയ്ക്കേണ്ടതും 10 ദിവസത്തിനുള്ളിൽ 200/-രൂപ മുദ്രപത്രത്തിൽ കരാർ എഴുതി ഒപ്പുവെയ്ക്കേണ്ടതുമാണ്.

2) കരാർ കാലാവധിയിൽ മുഴുവൻ ഫാക്ടറിയിലെ ജീവനക്കാർക്ക് (സ്ഥിര ജീവനക്കാർക്കും, താൽകാലിക ജീവനക്കാർക്കും, അപ്രന്റീസുകൾക്കും, സെക്യൂരിറ്റി ജീവനക്കാർക്കും, ലോഡിംഗ്&അൺലോഡിംഗ്തൊഴിലാളികൾക്കും) നിർദിഷ്ട സമയങ്ങളിൽ ക്യാന്റീനിൽ നിന്നും ഭക്ഷണം നൽകിയിരിക്കേണ്ടതാണ്. ഒരു മാസത്തെ നോട്ടീസോ കമ്പനി അധികൃതരുടെ ആവശ്യപ്രകാരമോ അല്ലാതെ ക്യാന്റീൻ പ്രവർത്തനം മുടക്കിയാൽ നിരതദ്രവ്യവും സെക്യൂരിറ്റി തുകയുംകണ്ടുകെട്ടുന്നതാണ്.

3) ക്യാന്റീൻ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി ക്യാന്റീൻ കെട്ടിടം, ഫർണിച്ചർ, റഫ്രിജറേറ്റർ, ഗ്രൈന്റർ, നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പാത്രങ്ങൾ, കൂടാതെ അധികമായി ആവശ്യം വരുന്ന പാത്രങ്ങൾ കരാറുകാരൻ സ്വന്തമായി വാങ്ങിക്കേണ്ടതാണ്. ഗ്യാസ് അടുപ്പ് തുടങ്ങിയ ഉപകരണങ്ങളും വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ കമ്പനി സൗജന്യമായി നൽകുന്നതാണ്.

4) മേൽപ്പറഞ്ഞത് കൂടാതെ മറ്റ് യാതൊരുവിധ സാധനങ്ങളോ, സൗകര്യങ്ങളോ കമ്പനി ചെയ്തു തരുന്നതല്ല. ഗ്യാസ്, വിറക്, പാൽ, പലചരക്ക്, പച്ചക്കറി, എന്നിവ കരാറുകാരന്റെ സ്വന്തം നിലയിൽ അടുപ്പിക്കേണ്ടതാണ്.

5) ക്യാന്റീൻ നടത്തിപ്പിന് ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുന്നതിന്റെയും അവയ്ക്ക് നിയമപരമായും അല്ലാതെയും നൽകേണ്ടതായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന്റെയും ചുമതല കരാറുകാരനായിരിക്കും. കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുമായി ഫാക്ടറി മാനേജ്മെന്റിന് തൊഴിലാളി മുതലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല.

6) ഭക്ഷണം കൈകാര്യം ചെയ്യുന്ന രീതിയിൽ കർശനമായ ശുചിത്വം പാലിക്കേണ്ടതാണ്. ക്യാന്റീൻ പ്രവർത്തനം തൃപ്തികരമല്ലങ്കിൽ എപ്പോൾ വേണമെങ്കിലും മാനേജ്മെന്റിന് കോൺട്രാക്ട് അവസാനിപ്പിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7) ക്യാന്റീനും പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്.

8) താഴെ പറയുന്ന സമയങ്ങളിൽ കമ്പനി ജീവനക്കാർക്ക് ഭക്ഷണ സാധനങ്ങൾ നൽകേണ്ടതാണ്.

1.പ്രഭാത ഭക്ഷണം-6:30 മുതൽ 9:00 വരെ

2.a). ചായ മാത്രം (ഫാക്ടറിയിൽ)-രാവിലെ 6 മണി, രാവിലെ 10 മണി രാത്രി 10 മണി

b). ചായ മാത്രം (ഓഫീസിൽ)- രാവിലെ 10:15-ന്

3. ചായയും ലഘു ഭക്ഷണവും ഫാക്ടറിയിൽ -ഉച്ചയ്ക്ക് 2 മണിക്ക്,
-വൈകിട്ട് 6 മണിക്ക്

ചായയും ലഘു ഭക്ഷണവും ഓഫീസിൽ - ഉച്ചയ്ക്ക് 2:30 മണിക്ക്

4. ഊണ് - ക്യാന്റീൻ ഹാളിൽ -ഉച്ചയ്ക്ക് 12 മണി മുതൽ 1:30 വരെ
- രാത്രി 8 മണി മുതൽ 8:45 വരെ

(എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഊണ് നൽകേണ്ടതാണ്.)

5. ചായ, പൊറോട്ട, അപ്പം, കട്ടൻചായ മുതലായവ ഫാക്ടറിയിൽ വെളുപ്പിന് 2 മണിക്ക്.

6. ഞായറാഴ്ച്ച മെയിൻറൻസ് ഷിഫ്റ്റ് ഉള്ളപ്പോൾ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം (ഊണ്) നൽകേണ്ടതാണ്.

9) പ്ലാന്റിലെ സ്ഥിരജീവനക്കാർക്കും, താൽക്കാലിക ജീവനക്കാർക്കും, അപ്രന്റീസുകൾക്കും, കയറ്റിറക്കുതൊഴിലാളികൾക്കും ഒരു മാസത്തെ ഭക്ഷണം പറ്റ് വ്യവസ്ഥയിൽ നൽകേണ്ടതും ഓരോ ജീവനക്കാരനും അപ്രകാരം ഒരുമാസം പറ്റുന്ന തുക ജീവനക്കാരുടെ തൽമാസത്തെ ശബളത്തിൽ നിന്നും മാനേജ്മെന്റ് പിടിച്ച് മൊത്തമായി കരാറു കാരന് നൽകുന്നതായിരിക്കും. എന്നാൽ സെക്യൂരിറ്റി ജീവനക്കാർക്ക് നൽകുന്ന ഭക്ഷണത്തിന്റെ വില കരാറുകാരൻ നേരിട്ട് ഈടാക്കേണ്ടതാണ്.

10) ക്വട്ടേഷൻ ഉറപ്പിക്കുന്ന കരാറുകാരൻ ക്യാന്റീൻ പ്രവർത്തനത്തിനായി നിയോഗിക്കുന്ന എല്ലാ ജീവനക്കാരുടെയും ബിയോഡേറ്റ, ഫോട്ടോ, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അംഗീകൃത മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നും കരാർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ ക്യാന്റീൻ പ്രവർത്തിക്കുന്നതിന് ആവിശ്യമായ ലൈസൻസ്, ഇ.എസ്.ഐ സൗകര്യങ്ങൾ എന്നിവ കരാറുകാരൻ തന്നെ ചെയ്യേണ്ടതാണ്. ഇത് 14 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഈ.എസ്സ്.ഐ-സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.

11) ജീവനക്കാരുമായി ഏതെങ്കിലും വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്ന പക്ഷം കമ്പനി മാനേജ്മെന്റ് മുൻപാകെ പരാതി അറിയിക്കേണ്ടതും പ്രസ്തുത വിഷയത്തിൽ തീർപ്പ് കൽപ്പിക്കുന്നതുമാണ്.

12) ഏതെങ്കിലും വിഷയത്തിൽ കരാറുകാരൻ ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്നതായി പരാതി ലഭിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ കമ്പനി സ്വീകരിക്കുന്നതാണ്.

13) ജീവനക്കാരുടെ പറ്റ് വിവരങ്ങൾ അതാത് ജീവനക്കാരൻ മുഖേന നേരിട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

14) കമ്പനി ജീവനക്കാർക്കായി ലഭ്യമാക്കുന്ന സബ്സിഡി തുക ദുർവിനിയോഗം ചെയ്യും വിധം ഓരോ ജീവനക്കാരനും ബാധകമായ പറ്റ് സംഖ്യയിൽ മെനുവിൽപ്പെടാത്ത വസ്തുകൾ ഉൾപ്പെടുത്തി കച്ചവടം നടത്തുവാൻ പാടില്ലാത്തതാണ്.

15) ക്യാന്റീൻ കരാറുകാരനോ, ജീവനക്കാരോ ക്യാന്റീൻ പ്രവർത്തന സമയത്ത് മദ്യപിച്ചതായി തെളിഞ്ഞാൽ കരാർ ഉടനടി റദ്ദാക്കുന്നതാണ്.

16) ക്യാന്റീൻ കരാറുകാരനു താമസിക്കാനായി ക്യാന്റീ നിനോട് ചേർന്ന് ഒരു റെസ്റ്റിംഗ് റൂം ഏർപ്പാടാക്കിയിട്ടുണ്ട്. എല്ലാ മാസവും 750 രൂപ നിശ്ചയിച്ച ഈ മുറിക്ക് കരാറുകാരൻ വാടക തരേണ്ടതാണ്.

മാനേജർ (i/c)

milma

**Kerala Co-operative Milk Marketing Federation Ltd.**
**Cattle Feed Plant, Pattanakkad P.O., Alappuzha- 688 531**
Phone: 0478-2831122, 2831101, 2831109, Email: cfp@milma.com, Website: www.milma.com

## പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി വക ക്യാന്റീൻ
## 2023 ജൂലൈ മാസം 01-ാം തീയ്യതി മുതലുള്ള വില വിവരപ്പട്ടിക

| ക്രമ നമ്പർ | ഇനം | അളവ് (ഗ്രാം/മില്ലി/ എണ്ണം) | നിരക്ക് (രൂപ) |
|---|---|---|---|
| 1. | ഊണ് വെജിറ്റേറിയൻ (കുത്തരി, ജയ), സാമ്പാർ/ പുളിശ്ശേരി, മോര്/രസം, അവിയൽ, തോരൻ/പച്ചടി, കൂട്ടുകറി. നാരങ്ങ/ഇഞ്ചി/മാങ്ങ അച്ചാർ | ആവശ്യത്തിന് | |
| 2. | പൊറോട്ട/ചപ്പാത്തി - 1 എണ്ണം | 75 ഗ്രാം | |
| 3. | അപ്പം/ദോശ/ഇഡ്ഡലി - 1 എണ്ണം | 75 ഗ്രാം | |
| 4. | പുട്ട് - 2 കഷ്ണം | 125 ഗ്രാം | |
| 5. | ഉഴുന്നുവട/പരിപ്പുവട - 1 എണ്ണം | 50 ഗ്രാം | |
| 6. | പഴംപൊരി - 1 എണ്ണം | 75 ഗ്രാം | |
| 7. | സുഖിയൻ/ബോണ്ട - 1 എണ്ണം | 50 ഗ്രാം | |
| 8. | ഉപ്പുമാവ് - 1 പ്ലേറ്റ് | 150 ഗ്രാം | |
| 9. | തൈര് - ഒരു ചെറിയ കപ്പ് | | |
| 10. | ചായ - 1 ഗ്ലാസ് | 150 മില്ലി | |
| 11. | കാപ്പി - 1 ഗ്ലാസ് | 150 മില്ലി | |
| 12. | കട്ടൻ ചായ - 1 ഗ്ലാസ് | 150 മില്ലി | |
| 13. | കട്ടൻകാപ്പി - 1 ഗ്ലാസ് | 150 മില്ലി | |
| 14. | കടലക്കറി/കിഴങ്ങ്കറി/മുട്ടക്കറി/വെജിറ്റബിൾകറി - 1 പ്ലേറ്റ് | 125 ഗ്രാം | |
| 15. | മുട്ടക്കറി - 1 പ്ലേറ്റ് | | |
| 16. | മീൻ കറി | | |
| 17. | മീൻ വറുത്തത് | | |
| 18. | ബീഫ് കറി/ബീഫ് ഫ്രൈ/ബീഫ് റോസ്റ്റ് | 100ഗ്രാം | |
| 19. | ചിക്കൻ കറി/ചിക്കൻ റോസ്റ്റ് | 100ഗ്രാം | |
| 20. | മട്ടൻ കറി/മട്ടൻ റോസ്റ്റ് | 100ഗ്രാം | |
| 21. | ഓംലെറ്റ് - കോഴി (സിംഗിൾ/ഡബിൾ) | | |
| 22. | ഓംലെറ്റ് - താറാവ് (സിംഗിൾ/ഡബിൾ) | | |
| 23. | ബിരിയാണി (ചിക്കൻ/ബീഫ്/ മട്ടൻ) | | |

മേൽപ്പറഞ്ഞ നിരക്കിൽ കമ്പനി നിബന്ധനകൾക്ക് വിധേയമായി ജീവനക്കാർക്ക് ഭക്ഷണം നൽകുവാൻ ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം: | പേര്:

തിയ്യതി: | ഒപ്പ്:

# KCMMF LTD. കാലിത്തീറ്റ ഫാക്ടറി- പട്ടണക്കാട്
## ക്യാന്റീൻ ക്വട്ടേഷൻ 2023 -2024

ഫാറം നമ്പർ:

1. അപേക്ഷകന്റെ പേര് :
2. സ്ഥിരം മേൽവിലാസം :

3. ഫോൺ നമ്പർ (1) :
   (2) :

4. പ്രായം :

5. ഇതുവരെ വ്യവസായ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തിയിട്ടുള്ള ആകെ പ്രവ്യത്തി പരിചയം

1) സ്ഥാപനത്തിന്റെ പേര് :
   വർഷം :

2) ഇതര സ്ഥാപനങ്ങളിൽ (ഹോട്ടൽ ,തട്ടുകട,ചായക്കട) ക്യാന്റീൻ നടത്തിയിട്ടുള്ള പരിചയം :

3) മിൽമ ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്ന ആകെ തൊഴിലാളികളുടെ എണ്ണം :

4) മുഖ്യപാചകക്കാരനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ
   1) പേര് :
   2) വയസ്സ് :
   3) വിലാസം :
   4) ഫോൺനമ്പർ :
   5) ആകെയുള്ള പ്രവ്യത്തി പരിചയം :

സ്ഥലം :

തീയതി:

കരാറുകാരന്റെ ഒപ്പ്